8-ാം വർഷം
2024
ഒക്ടോബർ 13
ഏലിയാ സ്ലീവ മൂശ
എട്ടാം ഞായർ



Laity Reflect on
SYRO-MALABAR SUNDAY MASS
SCRIPTURE READINGS



# ദൈവം
## ഒളിച്ചുതാമസിക്കുന്ന ഇടങ്ങൾ

**പുറ 20:18 – 21; ജോയേ 2:1 – 11; ഹെബ്രാ 10:19 – 25; മത്താ 25: 31 – 46**

പോളണ്ടിലെ ഒരു കൊച്ചുഗ്രാമത്തിൽ യഹൂദർ കൂട്ടമായി താമസിച്ചിരുന്ന പ്രദേശമാണത്. രണ്ടാം ലോകമഹായുദ്ധകാലത്ത്, നാസി സൈന്യം, അവിടേക്ക് ഇരച്ചുകയറി. ആ സൈനികവലയത്തിൽ, ജൂത സമൂഹമൊന്നാകെ മരണശിക്ഷക്ക് വിധിക്കപ്പെട്ടു.

പ്രാണവേദനയോടെ സ്വന്തം ശവക്കുഴികൾ വെട്ടാൻ അവർ നിർബന്ധിതരായി. അവർക്കൊപ്പം ഒരു കുട്ടിയും ഉണ്ടായിരുന്നു. സൈനികരുടെ തോക്കുകൾ, ആ നിസഹായർക്ക് നേരെ തുടരെ നിറയൊഴിച്ച പ്പോൾ, അവന്റെ മാതാപിതാക്കളടക്കം ഒട്ടേറേ പേർ, ജീവനറ്റ് ആ കുഴികളിലേക്ക് വീണു. ചതഞ്ഞരഞ്ഞ മൃതശരീരങ്ങൾ നാസി സൈന്യം ചെളികൊണ്ട് മറവുചെയ്തു.

വെടിയുണ്ടകളൊന്നും കുട്ടിയുടെമേൽ പതിച്ചില്ലെങ്കിലും, വെടിവയ്പ്പിന്റെ ആഘാതത്തിൽ മാതാപിതാക്കൾക്കു മേൽ അവനും കുഴിയിലേക്ക് വീഴുകയായിരുന്നു. മണിക്കൂറുകൾക്ക് ശേഷം ഇരുട്ട് വീണപ്പോൾ അവൻ കുഴിയിൽ നിന്ന് ഇഴഞ്ഞ് പുറത്തേക്ക് വന്നു. ആ കുഞ്ഞു ശരീരം മുഴുവൻ രക്തവും അഴുക്കും പുരണ്ടിരുന്നു. അടുത്തൊരു വീട്ടി ലെത്തി സഹായത്തിനു കേണപേക്ഷിച്ചിട്ടും വാതിൽ തുറന്നില്ല. യഹൂദ ബാലനെന്ന് തിരിച്ചറിഞ്ഞ് എല്ലാ വീടുകളിലും അവൻ തിരസ്കരിക്കപ്പെട്ടു.

ഹൃദയം നിലച്ചുപോകുന്ന നാസിഭയം ആ നാട്ടുകാരെയെല്ലാം പരവശരാക്കിയിരുന്നു. അടുത്ത വീടിന്റെ വാതിലിൽ മുട്ടിയപ്പോൾ, അവനുതന്നെ അപരിചിതമായ വാക്കുകളാണ് അവന്റെ നാവിൽ നിന്ന് പുറത്തു വന്നത്: 'നിങ്ങൾക്കെന്നെ മനസിലായില്ലേ, നിങ്ങൾ സ്നേഹി ക്കുന്നുവെന്ന് പറയുന്ന യേശുവാണ് ഞാൻ. അവൻ കരഞ്ഞു. തീക്ഷ്ണമായി ഒരു ഇടവേളയ്ക്കുശേഷം, ആ വീടിന്റെ വാതിൽക്കൽ നിന്ന് സ്ത്രീ അവനെ ചേർത്തുപിടിച്ചു ചുംബിച്ചു. അന്നു മുതൽ ആ കുടുംബം അവനെ മകനായി സ്വീകരിച്ചു.

യേശുവിന്റെ നാമം ഉണർത്തിയ അവിടുത്തെ സാന്നിദ്ധ്യത്തെക്കുറിച്ചുള്ള അവബോധം സർവ്വ ആപത്ശങ്കകളെയും അവഗണിച്ച് ഒരു തീരുമാനമെടുക്കാൻ



ജോമോൻ എം. മങ്കുഴിക്കരി

ആ കുടുംബത്തിനു പ്രചോദനമാവുക യാണ്.

അന്ത്യവിധിയിൽ അനുഗ്രഹ ത്തിനും ശിക്ഷയ്ക്കും അർഹരായ വർക്ക്, അതിന്റെ കാരണങ്ങളുടെ പേരിലുണ്ടാവുന്ന അമ്പരപ്പാണ് ഇന്ന് നാം വിചിന്തനം ചെയ്യുന്ന വി. മത്തായി യുടെ സുവിശേഷഭാഗത്തെ (25:31-46) ആഴമായ ആലോചനയ്ക്കും വ്യാഖ്യാന ത്തിനും വിഷയമാക്കുന്നത്.

## വിധി... വിവാദമോ?

നീതിഭ്രംശം കൊണ്ട് പ്രക്ഷു ബ്ധവും അശാന്തവുമായ ലോകത്ത്, അവസാനം ന്യായവിധിയെക്കുറിച്ച്, യേശു നൽകുന്ന പ്രബോധനം അവിടു ത്തെ ശിഷ്യർക്കുമാത്രമല്ല, സഹസ്രാബ്ദ ങ്ങളിലൂടെ അവന്റെ മാർഗത്തിൽ നടന്ന വർക്കെല്ലാം വലിയ വെല്ലുവിളിയാണ്. തന്റെ രാജ്യ ത്തിന്റെ ന്യായാസനത്തിലി രുന്നുകൊണ്ട് താൻ ന്യായം നടത്തുന്ന രാജ്യത്തെക്കുറിച്ചുള്ള നയപ്രഖ്യാപനമാ ണ് അവിടുന്ന് നടത്തിയത്.

കരുണകൊണ്ട് പ്രതികാരനിഷ് കാസനം ചെയ്യുന്ന ഒരു ക്രമമാണ് ആ രാജ്യത്തിൽ പുലരേണ്ടത്. കരുതലും സാഹോദര്യവും കൊണ്ട് കർത്താവിന്റെ വിശ്വസ്തർ തങ്ങളുടെ ജീവിതത്തെ നിർവഹിച്ചു. യേശു നിർവഹിച്ച ശുശ്രൂ ഷയുടെ തുടർച്ച. അവരുടെ ചുമതലയാ യി അവർ തിരിച്ചറിഞ്ഞു. പരിപാലി ക്കാൻ ആരുമില്ലാത്തവർക്ക് ക്രിസ്തുവി ന്റെ സ്നേഹം അവരിലൂടെ സംലഭ്യ മായി. ഏറ്റവും എളിയവരുമായി താ ദാത്മ്യം പ്രാപിച്ച യേശുവിനെ തന്നെ പരിചരിക്കാനുള്ള സ്വാഭാവികമായ അവസരം തന്നെയായി അവർക്കിത്. മറിച്ച് ക്രിസ്തുവിന്റെ രാജ്യത്തിന്റെ കർമ്മവഴികൾ മനസിലാകാതെ, അത് അവഗണിച്ചവർക്ക് അവശർ അഗണ്യ രായി; ക്രിസ്തു അപ്രാപ്യനായി.

## വേഷപ്രച്ഛന്നനായ ദൈവം

ഔപചാരികതയുടെയും ആധികാ രികതയുടെയും പ്രൗഢിയുറ്റ മേൽവിലാ സങ്ങളിൽ ദൈവത്തെ തേടുന്നവർക്ക് അവൻ അദൃശ്യനായിരിക്കും. സ്ഥാനവ സ്ത്രങ്ങളിലല്ല അവിടുന്ന് കുടി കൊള്ളു ന്നത്. അശരണനായി, വേഷപ്രച്ഛന്നനാ യി, നമ്മുടെ അയലത്ത് അവിടുന്നുണ്ടാ വാം. ദൈവം ഒളിച്ചു താമസിക്കുന്നയിട ങ്ങൾ നമ്മുടെ പരിസരത്താ വാമെങ്കിലും നാം അവിടുത്തെ കാണാത്തതെന്തേ?

## ആ കുഷ്ഠരോഗി

ഭൗതിക ആഡംബരങ്ങളുടെ കുടമാറ്റമായിരുന്നു ഫ്രാൻസിസിന്റെ ജീവിതം. മാടമ്പി പദവിയിലേക്കുള്ള ചവിട്ടുപടികളിലേക്ക് ഉല്ലാസനടന മായി ജീവിതത്തെ കൊണ്ടാടിയ സുന്ദര യൗവനം. തന്റെ ആരാധകർക്കൊപ്പം ചേ രാൻ ഫ്രാൻസീസ് അസീസിയിൽ നിന്ന് കുതിരപ്പുറത്ത് യാത്രതിരിക്കുമ്പോൾ റോഡരികിൽ ഒരു കുഷ്ഠരോഗി.

യേശുവിന്റെ കാലത്തെന്നതു പോലെ, പന്ത്രണ്ടാം നൂറ്റാണ്ടിലും പ്രത്യേകിച്ച് യൂറോപ്പിൽ, കുഷ്ഠരോഗി കൾ ഭയവും വെറുപ്പും ഉളവാക്കുന്നവരാ യിരുന്നു. പെട്ടെന്ന് ഒരാകർഷണത്തിൽ പ്പെട്ടെന്നതുപോലെ ഫ്രാൻസീസ് ആ കുഷ്ഠരോഗിയുടെ അടുത്തേക്കു ചെന്നു, തന്റെ കയ്യിലുണ്ടായിരുന്ന പണമത്രയും നൽകി. ആ മനുഷ്യനെ കരങ്ങളിലും കവിളിലും ചുംബിച്ചു. അയാൾ ഫ്രാൻ സിസിന്റെ കവിളിൽ ചുംബിച്ചു. അപ്പോൾ അനിർവചനീയമായ സമാധാ നം ഉള്ളിൽ നിറഞ്ഞു. മടക്കയാത്രയ്ക്കാ യി കുതിരപ്പുറത്ത് കയറിയിട്ട് ഫ്രാൻസീ സ് തിരിഞ്ഞു നോക്കുമ്പോൾ, കുഷ്ഠ രോഗി അപ്രത്യക്ഷനായിരിക്കുന്നു.

യേശു തന്നോടു സംസാരിക്കാൻ ശ്രമിക്കുന്നുവെന്ന തോന്നലുമായി, ഫ്രാൻസീസ് വളരെക്കാലമായി മല്ലിടുക യായിരുന്നു. കുഷ്ഠരോഗിയിൽ താൻ യേശുവിനെയാണു കണ്ടുമുട്ടുകയും ആശ്ലേഷിക്കുകയും ചെയ്തതെന്ന് ഫ്രാൻസീസ് അറിഞ്ഞു.

ഇത്തരം ജീവിതാനുഭവങ്ങൾ ഫ്രാൻസീസിൽ അവസാനിച്ചില്ല, ചരിത്രത്തിലൂടനീളം തന്റെ ചെറിയ സഹോദരരിൽ, തന്നെ കണ്ടെത്താൻ യേശു നമ്മെ നിരന്തരം ക്ഷണിക്കുന്നു.

## സാഹോദര്യം എന്ന സമ്മാനം

ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവരെന്ന നിലയിലുള്ള സാഹോദര്യം; അത് നാമെല്ലാം പരസ്പരം പങ്കിടുന്ന അനുപ മവും ഉദാത്തവുമായ സമ്മാനമാണ്. സ്രഷ്ടാവിന്റെ അനന്തമായ സ്നേഹത്തി നു അർഹരായവരെന്ന നിലയിൽ ഓരോ മനുഷ്യനും അമൂല്യനാണ്; ഓരോരുത്ത രിലും ദൈവം ഉണ്ട്. ഓരോ വ്യക്തി യോടും എല്ലാ ജീവജാലങ്ങളോടും സ്നേഹപൂർവ്വമായ ആദരവോടെ പെരു മാറാനുള്ള നമ്മുടെ ഉത്തരവാദിത്വം ദൈ വികമാണ്.

## ദിവ്യബലിയിലെ തിരിച്ചറിവുകൾ

ദൈവമക്കളെന്ന നിലയിൽ പരസ്പരം സ്വന്തമാണെന്ന അവബോധം അഗാധമായ ഒരു കൂട്ടായ്മയിലേക്ക് നമ്മെ നയിക്കുന്നുണ്ട്. ദിവ്യബലിയിലെ നമ്മുടെ ഭാഗഭാഗിത്വത്തിൽ ഇത് പ്രത്യേ കമാംവിധം പ്രതിഫലിക്കുന്നുണ്ട്. കത്തോലിക്കാസഭയുടെ മതബോധനഗ്ര ന്ഥം ഇപ്രകാരം പഠിപ്പിക്കുന്നു. കുർബാന നമ്മെ ദരിദ്രർക്കായി സമർപ്പിക്കുന്നു. നമു ക്കുവേണ്ടി ത്യജിച്ച ക്രിസ്തുവിന്റെ ശരീ രവും രക്തവും ആത്മാർത്ഥമായി സ്വീക രിക്കണമെങ്കിൽ, ഏറ്റവും ദരിദ്രരായവ രിൽ ക്രിസ്തുവിനെ നാം തിരിച്ചറിയ ണം.

## സഭ ചെറിയവർക്കൊപ്പം

ഭൂമിയുടെ ഫലങ്ങൾ എല്ലാവരു ടെയും അവകാശമാണെന്ന കാഴ്ചപ്പാടാ ണ് സഭയ്ക്കുള്ളത്. സൃഷ്ടിയുടെ വരദാന ങ്ങളിൽ നിന്ന് ആരെ യും ഒഴിവാക്കരുത്. ആർക്കും ആ നന്മകൾ നിഷേധിക്കപ്പെടു കയോ ഒരുകൂട്ടർ അത് പിടിച്ചുവയ്ക്കു കയോ ചെയ്യുന്ന സാഹചര്യമുണ്ടാകരുത്. ജനതകളുടെ പുരോഗതി എന്ന ചാക്രിക ലേഖനത്തിൽ പോൾ ആറാമൻ മാർപ്പാപ്പ വിരൽ ചൂണ്ടിയത് ഈ ദിശയിലേക്കാണ്.

ദരിദ്രരോട് പക്ഷം ചേരണമെന്ന് നാം പലപ്പോഴും ആവർത്തിച്ചു പറയാറുണ്ട്. ദരിദ്രരും അതീവ ദുർബലരുമായവരോടുള്ള ദൈവത്തിന്റെ മുൻഗണന നിറഞ്ഞ സ്നേഹവും കരു തലും നമ്മിലൂടെ പ്രതിഫലിക്കണം. ദൈവം പീഡകരുടെ പക്ഷം ചേരുന്നവ നല്ലെന്നും എളിയവർ സാർവത്രികമായ അവിടുത്തെ സ്നേഹത്തിന്റെ സമാശ്ലേ ഷത്തിലാണെന്നുമുള്ള തിരിച്ചറിവ് നമ്മു ടെ കർമ്മവഴികൾക്ക് ദിശാസൂചകമാവ ണം.

ഭൂമിയെ ഭാരപ്പെടുത്തുകയും അമിതലാഭത്തിനായി ദുർവ്യയം ചെയ്യു കയും ചെയ്യുന്ന അനീതിക്കെതിരെ ലൗദാത്തോ സിയിലൂടെ ഫ്രാൻസീസ് പാപ്പ നൽകിയ സുവിശേഷ പ്രചോദിത ങ്ങളായ പ്രബോധനങ്ങളും നമ്മുടെ മുൻ ഗണനകളെ നിർണ്ണയിക്കണം.

## നിലവിളികൾക്കൊപ്പം

പ്രക്ഷുബ്ധമായ ലോകത്തിൽ, അടിച്ചേൽപ്പിക്കപ്പെട്ട യുദ്ധങ്ങളിലും, കലാപങ്ങളിലും വംശീയഹത്യകളിലും, മരണതുല്യമായ സാഹചര്യങ്ങ ളിലൂടെ

കടന്നുപോകുന്ന സഹജീവികളുടെ ഹൃദയഭേദകമായ നിലവിളി ലോകത്തിന്റെ നാനാദിക്കുകളിൽ നിന്നു നമ്മുടെ ചെവികളിൽ മുഴങ്ങുന്നു. സമാധാന സംസ്ഥാപകരാകാൻ നമുക്കുള്ള വിളി ഉച്ചത്തിലാണെങ്കിലും, അതിനോടു പ്രത്യുത്തരിക്കാനുള്ള നമ്മുടെ നിസഹായത മറച്ചുവയ്ക്കാൻ കഴിയാത്തതാണ്.

എന്നാൽ, ക്രിസ്തുവിനെ അനുയാത്ര ചെയ്യുന്നവരെന്ന നിലയിൽ സഹോദരരോടുള്ള ഉത്തരവാദിത്വങ്ങൾ നിർവഹിക്കുന്നതിനാലാണ് നമ്മുടെ ക്രിസ്തീയത കുടികൊള്ളുന്നത്. വിശപ്പും ദാഹവും നഗ്നതയും ഭവനരാഹിത്യവും രോഗവും തടവും അനുഭവിക്കുന്നവരുടെ ദുരവസ്ഥ നമുക്ക് അവഗണിക്കാനാവില്ല.

## തട്ടിപ്പറിക്കപ്പെട്ട സൗഭാഗ്യങ്ങൾ

സമകാലിക ലോകത്ത് വേണ്ടത്ര ഭക്ഷണം കിട്ടാതെ 795 ദശലക്ഷം പേർ, ഏറ്റവും അസമത്വം നിറഞ്ഞ സാഹചര്യങ്ങളിൽ കഴിയുന്ന ആഫ്രിക്കയിലെയും ലാറ്റിനമേരിക്കയിലെയും ജനസമൂഹങ്ങൾ, തടവറകളിൽ കഴിയുന്ന 11 ദശലക്ഷമാളുകൾ, മതിയായ പാർപ്പിട സൗകര്യം നിഷേധിക്കപ്പെട്ട 100 കോടി ജനങ്ങൾ. വ്യവസായ വാണിജ്യ പുരോഗതിയുടെയും സമൃദ്ധിയുടെയും വർണ്ണശബളമായ ആഗോള കാൻവാസിന്റെ അവഗണിക്കപ്പെടുന്ന പിൻകാഴ്ചകൾ അതിദയനീയമാണ്. ചൂഷണത്തിന്റെയും തട്ടിപ്പറിക്കലിന്റെയും ഒരു കൂട്ടരുടെ അത്യാർത്തിയുടെയും ദുരന്തഫലമായി അടിച്ചേൽപ്പിക്കപ്പെടുന്ന ദാരിദ്ര്യം; നാം നേരിട്ട് ഉത്തരവാദികളല്ലാത്ത ഈ സമസ്യകൾ നമ്മെ പരിധിയില്ലാതെ ആകുലപ്പെടുത്തുന്നുണ്ട്. വ്യക്തികളെന്ന നിലയിലും ചെറു സമൂഹങ്ങ ളെന്ന നിലയിലും അവയ്ക്ക് നാമെങ്ങനെയാണ് സമാധാനം കാണുക?



## ഈശ്വരന്റെ പാദപീഠം

ഗീതാഞ്ജലി പത്താം ഗീതത്തിൽ രവീന്ദ്രനാഥ ടാഗോൾ ഈശ്വരസാന്നിദ്ധ്യം കണ്ടെത്തുന്നതെവിടെയെന്നു കാണുക; ഇവിടാണീശ്വരന്റെ പാദപീഠം; ദരിദ്രർക്കും ആലംബഹീനർക്കും അശരണർക്കുമിടയിൽ. എളിയവന്റെ വസ്ത്രങ്ങളിൽ പതിതർക്കും എല്ലാം നഷ്ടപ്പെട്ടവർക്കുമൊപ്പം വസിക്കുന്ന ഈശ്വരന്റെ സവിധത്തിലെത്താൻ അഹങ്കാരത്തിന് ഒരിക്കലും കഴിയുകയില്ല.

ദൈവപ്രസാദം തേടിയുള്ള നമ്മുടെ ജീവിതയാത്രയുടെ പാത ഇപ്രകാരം ഈശ്വരസാന്നിദ്ധ്യമുള്ളയിടങ്ങളിലേക്ക്; ദൈവം ഒളിച്ചുതാമസിക്കുന്നയിടങ്ങളിലേക്ക്, വഴി തിരിച്ചുവിടുമ്പോൾ, സങ്കടപർവങ്ങളായി മാറിയിരിക്കുന്ന ആ ജീവിതങ്ങൾക്ക് സമാശ്വാസം പകരാൻ സന്നദ്ധതയുള്ളവരാകുമ്പോഴാണ് നാം ആ സ്വരം ശ്രവിക്കുക. എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ വരുവിൻ, ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി സജ്ജമാക്കിയിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ. (മത്തായി 25:34).

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com